പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4958 — 01.07.2013 ൽ മറുപടിക്ക്

കുറ്റകൃത്യങ്ങളുടെ കാര്യത്തിലെ ദേശീയ ശരാശരിയിൽ കേരളത്തിന്റെ സ്ഥാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരിയിൽ സംസ്ഥാനം ഒന്നാം സ്ഥാനത്തെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാരിന്റെ ഭരണ നേട്ടമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (NCRB)യുടെ കണക്കുകൾ അനുസരിച്ച് IPC പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേരളം ഒന്നാമതായാണ് കാണുന്നതെങ്കിലും കുറ്റകൃത്യങ്ങളുടെ അഖിലേന്ത്യാ ശരാശരി വിശകലനം ചെയ്താൽ കേരളം ക്രമസമാധാനപാലനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിൽ തന്നെയാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെയുള്ള ഭരണകേന്ദ്രങ്ങൾ കുറ്റവാളികളെ സംരക്ഷിക്കുന്ന സാഹചര്യത്തിലാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സ്ഥിതി വിശേഷം മാറ്റുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടാകുമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെയുള്ള ഭരണകേന്ദ്രങ്ങൾ കുറ്റവാളികളെ സംരക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ